(സി) പ്രസ്തുത വനഭൂമികൾ ഏതെല്ലാം ജില്ലകളിൽപ്പെട്ടവയാണ്;

(ഡി) ഇത്തരം വനഭൂമികളെക്കുറിച്ച് എന്തെങ്കിലും തരത്തിലുള്ള അന്വേഷണം നടന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) ഇത്തരത്തിലുള്ള വനഭൂമികൾ തിരിച്ചെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്ന് നിർദ്ദേശമുണ്ടായിട്ടുണ്ടോ;

(എഫ്) വനഭൂമി കൈയടക്കിയിരിക്കുന്നവർ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. 7088.14 ഏക്കർ വനഭൂമിയാണ് ഇപ്രകാരം കയ്യടക്കി കൃഷി ചെയ്തുവരുന്നത്.

(സി) ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽപ്പെടുന്നു.

(ഡി) ഏതാനും ചില കേസ്സുകളിൽ അന്വേഷണം നടത്തിയിട്ടുണ്ട്. സമഗ്രമായ ഒരന്വേഷണം നടത്തിയിട്ടില്ല.

(ഇ) ഇല്ല.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

കോട്ടയം ജില്ലയിലെ അയർകുന്നം സോഷ്യൽ ഫോറസ്ട്രി പാർക്ക്

77 (1900)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ അയർകുന്നം പഞ്ചായത്തിൽ പുന്നത്തറിയിൽ സോഷ്യൽ ഫോറസ്ട്രി പാർക്കിനുവേണ്ടി എത്ര സ്ഥലം വിട്ടുതരാമെന്നാണ് പഞ്ചായത്ത് വനംവകുപ്പിനെ അറിയിച്ചിരിക്കുന്നത്;

(ബി) ഈ സ്ഥലം ഏറ്റെടുക്കുവാൻ നടപടി സ്വീകരിച്ചോ;

(സി) ഇതിനുവേണ്ടി 1999-2000 വർഷത്തിൽ എത്ര രൂപ അനുവദിച്ചിരുന്നു;

(ഡി) 2000-2001-ൽ 10 ലക്ഷം രൂപ കൂടി അനുവദിച്ച് പാർക്കിന്റെ പണിയും പാർക്കിലേയ്ക്കുള്ള ചാരാത്തുപടി-മരുത്തൂർ റോഡിന്റെ പണിയും പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) അയർക്കുന്നം പഞ്ചായത്ത് അധികൃതരുടെ സോഷ്യൽ ഫോറസ്ട്രി പാർക്കിനുവേണ്ടി സ്ഥലം വിട്ടുതരാമെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള നിവേദനമോ, കത്തോ വനംവകുപ്പിന് ലഭിച്ചിട്ടില്ല. എന്നാൽ എം.എൽ.എ. ശ്രീ. ഉമ്മൻചാണ്ടി അവർകളുടെ 22.6.99-ൽ വനം വകുപ്പുമന്ത്രിയ്ക്ക് നൽകിയ കത്തിൽ, ഒരു ഏക്കറോളം സ്ഥലം സോഷ്യൽ ഫോറസ്ട്രി പാർക്കിനായി നൽകുന്നതിന് പഞ്ചായത്ത് സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്.

(സി) സോഷ്യൽ ഫോറസ്ട്രി പാർക്ക് നിർമ്മിക്കുന്നതിനായി തുക അനുവദിച്ചിട്ടില്ല. എന്നാൽ വില്ലേജ് പഞ്ചായത്തുകളിൽ സാമൂഹ്യവനവൽക്ക

LIBRARY ARCHIVES Kerala Legislative Assembly

രണം നടപ്പിലാക്കുന്നതിന് അനുവദിച്ച തുകയിൽ ഒരു ലക്ഷം രൂപ അയർക്കുന്നം പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

(ഡി) വനം വകുപ്പ് പാർക്കുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നില്ല.

വനംവകുപ്പിലെ ഡ്രൈവർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുവാൻ നടപടി

78(1901)ശ്രീ. എൻ.ആർ ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ നിലവിൽ എത്ര വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്;

(ബി) എത്ര വാഹനങ്ങൾക്ക് സ്ഥിരം ഡ്രൈവർമാർ ഉണ്ടെന്നും എത്ര വാഹനങ്ങൾക്ക് ദിവസക്കൂലി ഡ്രൈവർമാർ ഉണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഈ വകുപ്പിൽ എത്ര ഡ്രൈവർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്;

(ഡി) ഒഴിവുള്ള തസ്തികകൾ പി.എസ്.സി.ക്കോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഇ) ദിവസക്കൂലിയായി ജോലി ചെയ്യുന്നവരുടെ തസ്തികകൾ പി.എസ്.സി.ക്കോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ജി) ആറുമാസത്തിൽ കൂടുതൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന എത്ര ഡ്രൈവർമാർ ഉണ്ട്; അറിയിക്കുമോ;

(എച്ച്) നിലവിലുള്ള എല്ലാ ഡ്രൈവർ തസ്തികകളിലും സ്ഥിരം ഡ്രൈവർമാരെ നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 310 വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്.

(ബി) വനം വകുപ്പിൽ ആകെ 218 ഡ്രൈവർമാരുടെ അനുവദിക്കപ്പെട്ട തസ്തികകൾ ഉണ്ട്. ആയതിൽ 185 തസ്തികകളിൽ സ്ഥിരം ഡ്രൈവർമാർ ജോലി ചെയ്യുന്നു. ബാക്കി 33 തസ്തികകളിൽ ദിവസക്കൂലി ഡ്രൈവർമാർ ജോലിനോക്കുന്നു. കൂടാതെ തസ്തികകൾ അനുവദിക്കപ്പെടാത്ത വാഹനങ്ങളിലും ദിവസക്കൂലി ഡ്രൈവർമാർ ജോലി നോക്കുന്നു.

(സി) 33 സ്ഥിരം ഡ്രൈവർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകളിൽ ഒഴിഞ്ഞു കിടക്കുന്നവ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly